"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - കശുവണ്ടി വ്യവസായം - കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ ഭരണസമിതിയിലെ വ്യവസായ വകുപ്പിന്റെ ഔദ്യോഗിക പ്രതിനിധിയായി ശ്രീമതി പ്രസന്നകുമാരി.വി, അണ്ടർ സെക്രട്ടറിയെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.880/2022/ID    തീയതി,തിരുവനന്തപുരം, 17-08-2022

പരാമർശം:
1. സ.ഉ.(സാധാ.)നം.199/2021/വ്യവ. തീയതി 12/02/2021.
2. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ചെയർമാൻ & കാഷ്യു സ്പെഷ്യൽ ഓഫീസറുടെ 06/07/2022 തീയതിയിലെ ഡി/138/2012/കെ.എസ്.എ.സി.സി നമ്പർ കത്ത്.
3. സ.ഉ.(സാധാ.)നം.2965/2022/പൊ.ഭ. തീയതി 29/06/2022.

<u>ഉത്തരവ്</u>

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ ഭരണസമിതിയിലേക്ക് വ്യവസായ വകുപ്പിന്റെ പ്രതിനിധിയായി പരാമർശം (1) പ്രകാരം നിയമിച്ചിരുന്ന ശ്രീ.സന്തോഷ് ആർ, അണ്ടർ സെക്രട്ടറി ഈ വകുപ്പിൽ നിന്നും മാറിയ സാഹചര്യത്തിൽ പുതിയ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്ത് നൽകണമെന്ന് കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ചെയർമാൻ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2.ശ്രീ.സന്തോഷ്.ആർ -ന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ ശ്രീമതി.പ്രസന്നകുമാരി.വി -യെ പരാമർശം (3) പ്രകാരം വ്യവസായ (കെ) വകുപ്പ് അണ്ടർ സെക്രട്ടറിയായി നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ ഭരണ സമിതിയിലെ വ്യവസായ വകുപ്പിന്റെ ഔദ്യോഗിക പ്രതിനിധിയായി ശ്രീമതി പ്രസന്നകുമാരി.വി, അണ്ടർ സെക്രട്ടറി -യെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

സ്പെഷ്യൽ ഓഫീസർ (കാഷ്യു) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ശ്രീ സന്തോഷ് ആർ, ഡെപ്യൂട്ടി സെക്രട്ടറി, പൊതുഭരണ വകുപ്പ്
ശ്രീമതി പ്രസന്നകുമാരി.വി, അണ്ടർ സെക്രട്ടറി, വ്യവസായ (കെ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സി.ഇ.ഒ, കെ-ബിപ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയലൽ

ഉത്തരവിൻ പ്രകാരം
**Signed by S Padmaja**
**Date: 17-08-2022 15:17:58**

സെക്ഷൻ ഓഫീസർ

<u>പകർപ്പ് :</u> വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (കശുവണ്ടി)